# A

**24120** **120 MINUTES**

1. 'കല്യാണസൗഗന്ധികം' കഥ മഹാഭാരതം ഏത് പർവ്വത്തിലാണുള്ളത് ?
   A) ആദിപർവ്വം B) വനപർവ്വം
   C) ദ്രോണപർവ്വം D) മൗസലപർവ്വം

2. 'രാമാദികൾക്കുമബദ്ധം പിണഞ്ഞുപോൽ' ? ഈ വരികളിൽ സൂചിതമാകുന്ന സന്ദർഭം:
   A) പൊൻമാനിന്റെ പിന്നാലെ പോയത്
   B) സീതയെ ഉപേക്ഷിച്ചത്
   C) വിച്ഛിന്നാഭിഷേകം
   D) ശംബുകനെ വധിച്ചത്

3. 'ഹരിതകം' എന്ന കവിതാവെബ്സൈറ്റിന്റെ ഉടമ:
   A) സച്ചിദാനന്ദൻ B) കെ ആർ ടോണി
   C) എസ് ജോസഫ് D) പി പി രാമചന്ദ്രൻ

4. 'ഭഗീരഥ പ്രയത്നം' എന്ന പ്രയോഗത്തിന് പകരം ഉപയോഗിക്കുന്ന ഇംഗ്ളീഷ് ശൈലി:
   A) Whole task B) Grand task
   C) Herculean task D) Bhageeraths task

5. ആരുടെ കാവ്യജീവിതാനുഭവങ്ങൾ പരാമർശിക്കുന്ന ഡോക്യുമെന്ററിയാണ് 'നിഷാദം'
   A) ഡി വിനയചന്ദ്രൻ B) കടമ്മനിട്ട
   C) ഇടശ്ശേരി D) കലാമണ്ഡലം ഹൈദരലി

6. സ്വനിമിക വിവർത്തനം മലയാളത്തിൽ പരീക്ഷിക്കപ്പെട്ട കൃതി:
   A) അക്ബർ B) ഒഥല്ലോ
   C) ആരോഗ്യനികേതനം D) പാവങ്ങൾ

7. ബംഗാൾ വിഭജനത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മിച്ച് സംവിധാനം ചെയ്ത ജി. അരവിന്ദൻ ചലച്ചിത്രം:
   A) ഉത്തരായണം B) ചിദംബരം
   C) വാസ്തുഹാര D) പോക്കുവെയിൽ

8. "തെറ്റിമന്ദാരം തുളസി പിച്ചക മാലകൾ ചാർത്തി –
ഗുരുവായൂരപ്പാനിന്നെ കണികാണേണം" – വൃത്തമേത് ?

A) കാകളി B) വസന്തതിലകം
C) രഥോദ്ധത D) നതോന്നത

9. 'ഞാൻ' എന്ന ഉത്തമപുരുഷ സർവ്വനാമത്തിന്റെ പ്രകൃതിയാണ് ----.

A) യാൻ B) ഏൻ C) നാൻ D) എൻ

10. തമിഴും, സംസ്കൃതവും തമ്മിൽ ഏറ്റുമുട്ടി രൂപം മാറി വന്നതാണ് 'മലയാളം' എന്ന സിദ്ധാന്തം അവതരിപ്പിച്ചതാര് ?

A) കോവുണ്ണി നെടുങ്ങാടി B) ഉള്ളൂർ
C) ഇളംകുളം കുഞ്ഞൻപിള്ള D) സി എൽ ആന്റണി

11. ശാസനകളിൽ സംസ്കൃത പദങ്ങൾ തത്സമങ്ങളായി എഴുതേ ിവരുമ്പോൾ സ്വീകരിച്ചിരുന്ന ലിപി:

A) വട്ടെഴുത്ത് B) കോലെഴുത്ത് C) ബ്രാഹ്മിലിപി D) ഗ്രന്ഥലിപി

12. 'സ്ത്രൈണം' ആരുടെ ആത്മകഥയാണ് ?

A) കലാമണ്ഡലം ഗോപി B) വാഴേങ്കട കുഞ്ചുനായർ
C) കോട്ടക്കൽ ശിവരാമൻ D) കലാമണ്ഡലം ഹൈദരലി

13. 2021 -ലെ ജെ സി ഡാനിയേൽ പുരസ്കാരം ലഭിച്ചതാർക്ക് ?

A) കെ പി കുമാരൻ B) പി ജയചന്ദ്രൻ
C) ഹരിഹരൻ D) ഷീല

14. വാമൊഴിയായി പകരുന്നതാണ് ഫോക്‌ലോർ എന്ന് അഭിപ്രായപ്പെട്ടത്:

A) ജി എം ഫോസ്റ്റർ B) വില്യം ആർ ബാസ്കം
C) രാഘവൻ പയ്യനാട് D) ബി എ ബോട്ട്കിൻ

15. ചേരും പടി ചേർക്കുക

| | |
|---|---|
| a. ജാതികുമ്മി | 1. പള്ളത്തുരാമൻ |
| b. ജാതിലക്ഷണം | 2. സഹോദരൻ അയ്യപ്പൻ |
| c. ജാതിഭാരതം | 3. കെ പി കറുപ്പൻ |
| d. മിശ്രകാന്തി | 4. ശ്രീ നാരായണ ഗുരു |

A) a-2, b-1, c-4, d-3 B) a-4, b-3, c-1, d-2
C) a-2, b-4, c-1, d-3 D) a-3, b-4, c-2, d-1

16. ദു:ഖാചരണം, മുദ്രാവാക്യങ്ങൾ, ക്ഷണപത്രങ്ങൾ എന്നിവ ഏത് ഫോക്‌ലോർ പഠനത്തിന്റെ ഭാഗമാണ് ?

A) മെറ്റാഫോക്‌ലോർ B) നവഫോക്‌ലോർ

C) ഫോക്‌ലോറിസം D) പ്രയുക്ത ഫോക്‌ലോർ

17. "സൂര്യൻ കെട്ടടങ്ങവേ ഉത്സവം കഴിഞ്ഞ് പിരിഞ്ഞുപോകുന്ന ആളുകൾക്കിടയിൽ കുഞ്ഞിക്കണ്ണൻ പതുക്കെ നടന്നു മറഞ്ഞു" ഏത് നോവലിലെ അവസാന വാക്യമാണിത് ?

A) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

B) ദൈവത്തിന്റെ വികൃതികൾ

C) പ്രവാസം

D) ആടുജീവിതം

18. കഥകളിപ്പദങ്ങളുടെ അർത്ഥം കൈമുദ്രകളുടെ സഹായത്താൽ അഭിനയിക്കുന്നതിന് പറയുന്ന പേര് ?

A) കളിയാട്ടം B) ഇളകിയാട്ടം C) ചൊല്ലിയാട്ടം D) കോതാമൂരിയാട്ടം

19. 'മഴവർ പെരുമകൻ' എന്ന് ഔവ്വയാർ വിശേഷിപ്പിച്ച ഭരണാധികാരി :

A) അതിയമാൻ അഞ്ചി B) അതിയമാൻ എഴിനി

C) പെരുഞ്ചേരൻ D) നെടുംചേരലാതൻ

20. "പാരുഷ്യം പെരുകുന്ന വാക്കിലും മനസ്സിലും മാതുലാ പൊരുത്തപ്പെട്ടാലും തീർന്നു മാമ്പഴക്കാലം" കവിത ഏത് ?

A) മാമ്പഴം B) മാമ്പഴക്കാലം

C) പ്രതിനായകൻ D) ഇവനെക്കൂടി

21. "പെൺമക്കൾക്കും അമ്മമാർക്കും" സമർപ്പിച്ച സാറാജോസഫിന്റെ കൃതി ?

A) പാപത്തറ B) മാറ്റാത്തി

C) ഒതപ്പ് D) ആലാഹയുടെ പെൺമക്കൾ

22. "മലമുകളിലെ ദൈവം" ആരുടെ തിരക്കഥ ?

A) എം.മുകുന്ദൻ B) എം.ടി. വാസുദേവൻ നായർ

C) കൽപറ്റ ബാലകൃഷ്ണൻ D) പി ഭാസ്കരൻ

23. "ചക്കീചങ്കരം" നാടകത്തിന്റെ ലക്ഷ്യം എന്തായിരുന്നു?

A) നാടകരചനയെ പ്രോത്സാഹിപ്പിക്കുക

B) സംഗീതനാടകങ്ങളെ പരിഹസിക്കുക

C) നാടകരചനയെ നിരുത്സാഹപ്പെടുത്തുക

D) നാടകകൃത്തുകളെ പരിഹസിക്കുക, ഒപ്പം നാടക രചനയിൽ നിന്നും പിന്തിരിപ്പിക്കുക.

24. ചേരും പടി ചേർക്കുക

| | |
|---|---|
| a. വി കൃഷ്ണൻതമ്പി | 1. കർണ്ണശപഥം |
| b. പന്നിശ്ശേരി നാണുപിള്ള | 2. ബകവധം |
| c. കോട്ടയത്തു തമ്പുരാൻ | 3. താടകാവധം |
| d. മാലി മാധവൻ നായർ | 4. നിഴൽകുത്ത് |

A) a-3, b-4, c-2, d-1 B) a-4, b-1, c-2, d-3

C) a-3, b-4, c-1, d-2 D) a-4, b-3, c-2, d-1

25. ഒരു സാഹിത്യസൃഷ്ടിയെ ആധാരമാക്കി നിർമ്മിച്ച ആദ്യ മലയാള സിനിമ ?

A) നിർമ്മാല്യം B) വേലുത്തമ്പി ദളവ

C) മാർത്താണ്ഡവർമ്മ D) മതിൽ

26. ഏ.ആറിന്റെ 'ആംഗലസാമ്രാജ്യം' മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയത് :

A) കെ സി കേശവപിള്ള B) അഭയദേവ്

C) വി കെ കുമാരൻ D) വി സി ബാലകൃഷ്ണപ്പണിക്കർ

27. റുബായിയ്യാത്തിന്റെ വിവരണമാണ് -----.

A) ദേവഗീത B) ഗീതഗോവിന്ദം C) ദേവത D) ആനന്ദഗീത

28. 'ഊഴിയേഴിലും നിറെന്ത മറജ്ഞാനപ്പൊരുളേ' – എന്നു വിശേഷിപ്പിക്കുന്നതാരെ?

A) ഗണപതിയെ B) ശിവനെ C) വിഷ്ണുവിനെ D) ബ്രഹ്മാവിനെ

29. സ്വദേശാഭിമാനിയുടേയും കേസരിയുടേയും പ്രാതിനിധ്യ സ്വഭാവമുള്ള കഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്ന നോവൽ:

A) കാട്ടുകുരങ്ങ് B) താളം C) മായ D) ജ്വാല

30. കണ്ണകിയുടെ പ്രതിഷ്ഠ നടത്തിയ ചേരരാജാവ്?

A) ചെങ്കുട്ടുവൻ B) നെടുംചേരലാതൻ

C) കുലശേഖര ആഴ്വാർ D) നമ്മാഴ്വാർ

31. 'ഉദ്ദാലകചരിതം' എന്ന പേരിൽ 'ഒഥല്ലോ' വിവർത്തനം ചെയ്തതാര്?

A) വള്ളത്തോൾ B) ഏ ആർ രാജരാജവർമ്മ

C) പി മാധവൻപിള്ള D) സർദാർ കെ എം പണിക്കർ

32. 'Translator is a Traitor' എന്ന് അഭിപ്രായപ്പെട്ടതാര്?

A) ടി എസ് എലിയറ്റ് B) തോമസ് ഹാർഡി

C) ഐ എ റിച്ചാർഡ് D) ബനഡിക്റ്റോ ക്രോച്ചേ

33. 'അയിത്തം അറബിക്കടലിൽ തള്ളേ കാലം അതിക്രമിച്ചിരിക്കുന്നു' എന്ന് പറഞ്ഞതാര് ?

A) ഡോ. പൽപു B) അയ്യാവൈകുണ്ഠ സ്വാമികൾ

C) ശ്രീ നാരായണഗുരു D) ചട്ടമ്പിസ്വാമികൾ

34. 'ചോരയും കണ്ണീരും നനഞ്ഞ വഴികൾ' ആരുടെ ആത്മകഥ?

A) കെ ദേവയാനി B) ആര്യാ പള്ളം

C) ദേവകി നിലയങ്ങോട് D) സാറാ ജോസഫ്

35. മലയാളത്തിലെ 'ഒറ്റക്കൽ മണ്ഡപ' മായി ഡോ.പുതുശ്ശേരി രാമചന്ദ്രൻ വിശേഷിപ്പിക്കുന്ന കൃതി?

A) കൃഷ്ണഗാഥ B) നളചരിതം

C) കുചേലവൃത്തം D) അദ്ധ്യാത്മ രാമായണം

36. കഥകളിയുടെ 'തോടയം' എന്നാൽ?

A) കഥകളിയുടെ ന്ന് മാലോകരെ അറിയിക്കുന്ന ചടങ്ങ്

B) ആട്ടം തുടങ്ങി എന്നറിയിക്കുന്ന ചടങ്ങ്

C) കളി കഴിയുന്നതുവരെ അമംഗളം ഉ ാകാതിരിക്കാനുള്ള സ്തുതി

D) മേളക്കാരുടെ കഴിവ് പ്രകടിപ്പിക്കാനുള്ള ചടങ്ങ്

37. കുട്ടികൃഷ്ണമാരാരുടെ ഗ്രന്ഥങ്ങൾ മാത്രം ഉൾപ്പെടുന്ന ഗണം:

A) സാഹിത്യശേഷം, സാഹിത്യവിദ്യ

B) സാഹിത്യ സല്ലാപം, മാനദണ്ഡം

C) സാഹിത്യഭൂഷണം, ഭാഷാഭുഷണം

D) വിചാര വിപ്ലവം, ദന്തഗോപുരം

38. പച്ചക്കുതിര, മിന്നാമിന്നി, ഏഴാംകടലിനക്കരെ -ഇവ ആരുടെ ബാലസാഹിത്യ കൃതികളാണ്?

A) ഉറൂബ് B) വൈലോപ്പിള്ളി C) അക്കിത്തം D) നന്തനാർ

39. ശ്രീ ശങ്കരാചാര്യരെക്കുറിച്ച് വള്ളത്തോൾ രചിച്ച കവിത:

A) എന്റെ ഗുരുനാഥൻ B) കൃഷ്ണപ്പരുന്തിനോട്
C) മലയാളത്തിന്റെ തല D) ഇന്ത്യയുടെ കരച്ചിൽ

40. പി പത്മരാജന്റെ തിരക്കഥകളുടെ ഗണം ഏത്?

A) പെരുവഴിയമ്പലം, നവംബറിന്റെ നഷ്ടം, കള്ളൻ പവിത്രൻ
B) പെരുവഴിയമ്പലം, കാഴ്ച, കള്ളൻ പവിത്രൻ
C) പാദമുദ്ര, കാഴ്ച, കള്ളൻ പവിത്രൻ
D) കള്ളൻ പവിത്രൻ, പെരുവഴിയമ്പലം, പാദമുദ്ര

41. ‘ മനുഷ്യരുടെ വികാരവിചാരങ്ങളെ പ്രകാശിപ്പിക്കുന്നതും സംഭവ്യവുമായ ഒരു ഇതിവൃത്തത്തെ ആഖ്യാനം ചെയ്ത് കാവ്യാനുഭൂതിയു ാക്കുന്ന ഗ്രന്ഥമാണ് നോവൽ’. ആരുടെ അഭിപ്രായം.

A) ജോസഫ് മു ശ്ശേരി B) എം പി പോൾ
C) കുട്ടികൃഷ്ണമാരാർ D) കെ പി അപ്പൻ

42. മലയാളത്തിലെ വിലാപകാവ്യങ്ങളെക്കുറിച്ചുള്ള പഠനം:

A) നവതരംഗം B) കാവ്യരതി
C) കണ്ണീരും കിനാവും D) കണ്ണീരും മഴവില്ലും

43. ‘പുല്ലേലികുഞ്ചു’ - എന്ന ആദ്യ നോവൽ ആദ്യമായി ഖണ്ഡശ്ശ: പ്രസിദ്ധീകരിച്ച മാസിക:

A) ജ്ഞാനനിക്ഷേപം B) നസ്രാണി ദീപിക
C) ആത്മപോഷിണി D) മംഗളോദയം

44. ‘നോവൽ - സിദ്ധിയും സാധനയും’ എന്ന ഗ്രന്ഥത്തിൽ താരതമ്യം ചെയ്ത് പഠിച്ചിരിക്കുന്ന കൃതികളുടെ ഗണമേത് ?

A) യുദ്ധവും സമാധാനവും, ആരോഗ്യനികേതനം, അന്നാകരിനീന
B) ആരോഗ്യനികേതനം, പ്രൈഡ് ആന്റ് പ്രിജ്ജൂഡീസ്, കരമസോവ് സഹോദരന്മാർ
C) അരനാഴികനേരം, അന്നാകരിനീന, ആരോഗ്യനികേതനം
D) പ്രൈഡ് ആന്റ് പ്രിജ്ജൂഡീസ്, ഡോൺ ശാന്തമായൊഴുകുന്നു, ആരോഗ്യനികേതനം

45. പത്താമത്തെ രസമായി രുദ്രടൻ അംഗീകരിക്കുന്ന രസം:

A) കരുണം B) ശാന്തം C) ഹാസം D) പ്രേയസ്സ്

46. കൊച്ചി രാജാക്കന്മാർ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ?

A) വഞ്ചിഭൂപതി B) മാടഭൂപതി

C) വേണാട്ടടികൾ D) കോലത്തിരിമാർ

47. ആദ്യകാലത്ത് കൊല്ലത്ത് എസ്.ടി റെഡ്യാർ ആരംഭിച്ച പ്രസ്സ്:

A) കേരള വിലാസം B) ശ്രീകൃഷ്ണ വിലാസം

C) ശ്രീദേവീ വിലാസം D) ശ്രീരാമ വിലാസം

48. ഉണ്ണിയാടീചരിതത്തിൽ പരാമർശ്ശിക്കുന്ന നാണയം:

A) ആനയച്ച് B) ആനക്കാശ്

C) തുലുക്കകാശ് D) റോമൻ നാണയം

49. 'നാഴിയരി' ഏത് ഭേദക വിഭാഗത്തിൽപ്പെടുന്നു ?

A) വിഭാവകം B) സാംഖ്യം

C) സാർവ്വനാമികം D) പാരിമാണികം

50. 'ദൈവമേ കൈതൊഴാം കേൾക്കുമാറാകണം
ബോറനാമെന്നെ നീ കാക്കുമാറാകണം
കള്ളം പറയുവാൻ ത്രാണിയുാക്കണം
കള്ളപ്പണത്തിനു മാർഗമു ാക്കണം
ആരുടേതാണീ ആക്ഷേപ ഹാസ്യകവിത ?

A) ചെമ്മനം ചാക്കോ B) അയ്യപ്പപ്പണിക്കർ

C) കെ ആർ ടോണി D) ഡി വിനയചന്ദ്രൻ

51. നല് + തുണ = നറ്റുണ – ഇവയ്ക്ക് ബാധകമാകുന്ന ലീലാതിലകസൂത്രം ?

A) കാചില്ലോപ: B) ളോനേ C) ത്ഥേ് സൃച D) ഓർന്നിത്യം

52. കത്തോലിക്കാ മതതത്ത്വങ്ങളെ അടിസ്ഥാനമാക്കി ക്ളമന്റ് പാതിരി പ്രസിദ്ധീകരിച്ച ഗദ്യ
കൃതി :

A) വർത്തമാനപ്പുസ്തകം B) വേദതർക്കം

C) സംക്ഷേപവേദാർത്ഥം D) ക്രിസ്തുസഭാചരിത്രം

53. പ്രവാചകന്മാരുടേയും, പുണ്യപുരുഷന്മാരുടേയും ചരിത്രകഥകൾ ഉൾപ്പെടുന്ന പാട്ടുകൾ?

A) കെസ്സ് പാട്ടുകൾ B) കത്തു പാട്ടുകൾ

C) കിസ്സ പാട്ടുകൾ D) സർക്കീട്ടു പാട്ടുകൾ

54. 'ദ്രാവിഡ ഗോത്രത്തിലെ ഒരു സ്വതന്ത്രാംഗമെന്നതിനേക്കാൾ തമിഴിന്റെ ഒരു ഉപഭാഷയായി മലയാളത്തെ കണക്കാക്കാം'– ആരുടെ അഭിപ്രായം ?

A) ഡോ.കുഞ്ഞുണ്ണിരാജാ B) ഡോ. കാൽഡ്വൽ
C) പ്രൊ.സി. എൽ ആന്റണി D) ഏ ആർ രാജരാജവർമ്മ

55. 'കാവേരിയുടെ നേര്' ഏത് വിഭാഗത്തിൽപ്പെടുന്നു ?

A) നോവൽ B) ചെറുകഥ C) ആത്മകഥ D) കവിത

56. സ്വന്തം കൃതി ഫ്രഞ്ച് ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്തതാര്?

A) എം.മുകുന്ദൻ B) ഒ വി വിജയൻ
C) ആനന്ദ് D) എസ് കെ പൊറ്റെക്കാട്

57. 'ര ിലയും ഒരു തിരിയും' – ആരുടെ യാത്രാവിവരണം ?

A) എം.പി.പോൾ B) സി എൻ ശ്രീകണ്ഠൻ നായർ
C) ഡി ബാബുപോൾ D) സി ജെ തോമസ്

58. പദാർത്ഥങ്ങൾക്കു സംഭവിക്കുന്ന സങ്കോചം, വികാസം, പരിണാമം എന്നിവയെ അന്വേഷിക്കുന്ന ശാസ്ത്രശാഖ :

A) അർത്ഥവിജ്ഞാനീയം B) വർണ്ണവിജ്ഞാനീയം
C) രൂപവിജ്ഞാനീയം D) വാക്യവിജ്ഞാനീയം

59. 'അല്ലൽപ്പെടുന്ന കുചേല കുടുംബിനി –
യല്ലോ നമ്മുടെ ഭാഷയിന്നും' – കവിത ഏത്?

A) ആൾമറ B) നല്ലഭാഷ C) എന്റെ ഭാഷ D) മലയാളഭാഷ

60. 'ആനന്ദോദയം സംഗീത നടനസഭ' എന്ന നാടകകമ്പനി പിന്നീട് ഏത് പേരിലാണ് അറിയപ്പെട്ടത് ?

A) കൊല്ലം അസ്സീസ്സി B) കോട്ടയം കേളി
C) സൂര്യസോമ D) കലാനിലയം

61. രാമചരിതത്തിലെ അധ്യായങ്ങൾക്ക് നൽകിയ പേരെന്തായിരുന്നു ?

A) ശില്പം B) പടലം C) പ്രകരണം D) കാണ്ഡം

62. താഴെപറയുന്നവയിൽ കൂടിയാട്ടത്തിന് ഉപയോഗിക്കാത്തത് ഏത് ?

A) ഇടക്ക B) ശംഖ് C) ചെ D) കുഴിത്താളം

63. 'എഴുതിയതോ അച്ചടിച്ചതോ ആയ ഒരു പഠനത്തിൽ ഉപഗൂഹനം ചെയ്ത ഒന്നല്ല അർത്ഥം. അത് വായിച്ചെടുക്കുന്ന ആളുടെ രാഷ്ട്രീയ–സാമൂഹിക പശ്ചാത്തലവും പരിശീലനവും അനുസരിച്ച് സൃഷ്ടിച്ചെടുക്കാവുന്ന ഒന്നാണ്.'
വായനയെ സംബന്ധിച്ചുള്ള ഈ പ്രശസ്തമായ അഭിപ്രായം ആരുടേതാണ് ?

A) സ്റ്റുവർട്ട് ഹാൾ B) റിച്ചാർഡ് ഹോഗാർട്ട്
C) എഫ്.ആർ.ലെവിസ് D) മാത്യു ആർനോൾഡ്

64. സാഹിത്യം അനുഭൂതിയുടെ സൃഷ്ടിയാണ്, അതു ജീവിതത്തിന്റെ അനുകരണമാണ്, അത് മനുഷ്യവികാരങ്ങളെ ഇളക്കുന്നു. സാഹിത്യത്തെപ്പറ്റിയുള്ള ഏറ്റവും അടിസ്ഥാനപരമായ ഈ മൂന്നു തത്വങ്ങൾ ആദ്യമായി നിർദ്ധാരണം ചെയ്തതാരാണ് ?

A) അരിസ്റ്റോട്ടിൽ B) പ്ലേറ്റോ
C) ഹോരേസ് D) ലോംഗിനസ്സ്

65. വിഖ്യാതമായ 'പ്രിസൺ നോട്സ്' തയ്യാറാക്കിയ ചിന്തകൻ ആരായിരുന്നു?

A) ഫ്രെഡറിക് എംഗൽസ് B) കാൾ മാർക്സ്
C) റെയ്മ ് വില്യംസ് D) അന്റോണിയോ ഗ്രാംഷി

66. ചേരുംപടി ചേർക്കുക:

a. പോയറ്റിക്സ് 1. ലോംഗിനസ്സ്
b. ഓൺ ദ സബ്ലൈം 2. പ്ലോട്ടിനസ്സ്
c. ആർട്സ് പോയറ്റിക്ക 3. അരിസ്റ്റോട്ടിൽ
d. എസ്സേ ഓൺ ദ ബ്യൂട്ടിഫുൾ 4. ഹോരേസ്

A) a-3, b-1, c-4, d-2 B) a-3, b-4, c-2, d-1
C) a-2, b-1, c-4, d-3 D) a-4, b-3, c-1, d-2

67. ആയില്യം തിരുനാൾ മഹാരാജാവിന്റെ കൊട്ടാരം സർവ്വാധികാര്യക്കാരായിരിക്കെ ഉദ്യോഗത്തിൽ നിന്ന് പിരിയേ ിവന്ന സാഹചര്യത്തിൽ മലയാളഭാഷാചരിത്രം രചിച്ചതാര് ?

A) എ.ആർ.രാജരാജവർമ്മ B) ഉള്ളൂർ
C) എസ്. ഗുപ്തൻ നായർ D) പി.ഗോവിന്ദപ്പിള്ള

68. മണിപ്പൂരി ഭാഷ ഏത് ഭാഷാഗോത്രത്തിൽ ഉൾപ്പെടുന്നു:

A) ഇന്തോ ആര്യൻ B) മു ി
C) ചീനോ തിബത്തൻ D) ദ്രാവിഡം

69. നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ
ക്രമക്കണക്കേ ശരണം ജനങ്ങൾ
സമസ്തരും സമ്മതിയാതെ ക ീ
സ്സമർത്ഥനോതില്ലൊരു വാക്കു പോലും
കൃതി തിരിച്ചറിയുക

A) കാവ്യനർത്തകി B) മലയവിലാസം
C) എഴുത്തച്ഛനെഴുതുമ്പോൾ D) കേരളം

70. ഉത്തരകേരളത്തിലെ 'തോറ്റം പാട്ടുകൾ' എന്ന കൃതിയുടെ കർത്താവാര്?

A) എം.വി.വിഷ്ണു നമ്പൂതിരി
B) രാഘവൻ പയ്യനാട്
C) പ്രേംനാഥ് വെട്ടിയാർ
D) ചിറക്കൽ ടി ബാലകൃഷ്ണൻ നായർ

71. കോട്ടം തീർന്ന കോട്ടയം കഥകൾ എന്നറിയപ്പെടുന്ന നാല് ആട്ടക്കഥകളിൽ വിട്ടുപോയതിനെ തിരിച്ചറിയുക:

ബക വധം , കിർമ്മീര വധം , നിവാതകവചകാലകേയ വധം , ---

A) ദുര്യോധനവധം B) രാവണവിജയം
C) കീചകവധം D) കല്യാണസൗഗന്ധികം

72. ചേരുംപടി ചേർക്കുക

a. പൗരസ്ത്യവാദം 1. തിയോഡോർ അഡോണ
b. അടിത്തറ-മേൽപ്പുര 2. കാൾ മാർക്സ്
c. സംസ്കാരവ്യവസായം 3. എഡ്വേർഡ് സെയ്ദ്
d. പ്രത്യയശാസ്ത്രം 4. അൽത്യൂഗക്ത

A) a-3,b-2, c-1, d-4 B) a-3, b-2, c-4, d-1
C) a-4, b-3, c-2, d-1 D) a-4, b-3, c-1, d-2

73. യുക്തിയുടെ സഹായത്തിനു ഭാവനയെ വിളിച്ചുവരുത്തിക്കൊ ു സത്യത്തെ ആനന്ദവുമായി ബന്ധിക്കുന്ന കലാവിദ്യയാണു കവിത. ഈ നിർവ്വചനം ആരുടേതാണ്?

A) കോളറിഡ്ജ് B) വേഡ്സ്വർത്ത്
C) ഡോ.ജോൺസൺ D) ജോൺ ഡ്രൈഡൺ

74. 'എ ഡിഫൻസ് ഓഫ് പോയട്രി' എന്ന പ്രബന്ധത്തിന്റെ കർത്താവാര് ?

A) പി.ബി.ഷെല്ലി B) കീറ്റ്സ്

C) വാൾട്ടർ പേറ്റർ D) പ്ലൂട്ടാർക്ക്

75. 'മാധ്യമം തന്നെ സന്ദേശം' എന്ന കൃതിയുടെ രചയിതാവ് ആര്?

A) ബെനഡിറ്റോ ക്രോച്ചെ B) മാർഷൽ മക്‌ലൂഹൻ

C) ഹെയ്ദെഗർ D) ലൂഷ്യോ കോളെറ്റി

76. ഭാഷ ഏതായാലും എഴുതി ഫലിപ്പിക്കുമ്പോൾ എന്തെല്ലാം സാധ്യമാകുന്നു, അങ്ങനെ അഭ്യസിക്കുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണമെന്നു ചൂ ിക്കാണിക്കലാണ് ഈ കൃതിയുടെ ലക്ഷ്യം. ഏതു കൃതിയുടെ ആമുഖത്തിലാണ് എ.ആർ.രാജരാജവർമ്മ ഇങ്ങനെ പറഞ്ഞിരിക്കുന്നത് ?

A) ഭാഷാഭൂഷണം B) വൃത്തമഞ്ജരി

C) സാഹിത്യസാഹ്യം D) കേരളപാണിനീയം

77. "മലയാളത്തിൽ പദ്യഗ്രന്ഥങ്ങൾക്കു ഗദ്യഗ്രന്ഥങ്ങളെപ്പോലെ ദാരിദ്ര്യമില്ലെങ്കിലും കവികളുടെ ഇടയിൽ കാണുന്ന അനാശാസ്യമായ ഗതാനുഗതികത്വം ഭാഷയുടെ ഭാവിശ്രേയസ്സിനെ സൂചിപ്പിക്കുന്നില്ലെന്നു പറയാതെ കഴികയില്ല." 1911- ൽ വൈക്കത്തു കൂടിയ ഭാഷാപോഷിണിസഭയുടെ അധ്യക്ഷപ്രസംഗത്തിലെ വാക്കുകളാണിവ. ആരാണ് പ്രാസംഗികൻ?

A) കേരളവർമ്മ വലിയകോയിത്തമ്പുരാൻ

B) സി.പി.അച്യുതമേനോൻ

C) ക ത്തിൽ വറുഗീസ് മാപ്പിള

D) ജോസഫ് മു ശ്ശേരി

78. കീഴ്ചു ിനെ മേൽചു ിനോട് ചേർത്തോ കീഴ്ചു ിനെ മുൻപല്ലിനോട് ചേർത്തോ സ്വനങ്ങൾ ഉച്ചരിക്കാം. കീഴ്ചു ിനെ ചലകരണമാക്കി ഉച്ചരിക്കുന്ന സ്വനങ്ങളാണ് :

A) താലവ്യം B) ഓഷ്ഠ്യങ്ങൾ C) ദന്ത്യം D) വർത്സ്യം

79. 'ക്ഷുദ്രപുസ്തകങ്ങൾ വർദ്ധിക്കാതിരിക്കണമെങ്കിൽ വിദ്വാന്മാർ മുഖം നോക്കാതെ അവയെക്കുറിച്ച് അഭിപ്രായം പറയേ ത് വളരെ ആവശ്യമാണ്'.ഗ്രന്ഥവിവേചനം എന്ന ലേഖനത്തിൽ ഈ അഭിപ്രായം പറഞ്ഞ നിരൂപകനാര്?

A) പന്തളം കേരളവർമ്മ B) സി.പി.അച്യുതമേനോൻ

C) പി.കെ.നാരായണപിള്ള D) സി.അന്തപ്പായി

80. അർത്ഥോദ്ദീപകശക്തിയുള്ളതും സ്വതന്ത്രമായി പ്രയോഗിക്കാൻ കഴിയുന്നതുമായ ഭാഷയിലെ ഏറ്റവും ചെറിയ മാത്രയാണ്:

A) പ്രത്യയം B) സ്വനം C) വാക്യം D) പദം

81. കുട്ടികൾ കളിക്കുമ്പോൾ ബസ്സോടിക്കുന്നതിനെ അനുകരിച്ചുകൊ ് ഇരു ചു ുകളും ചേർത്ത് പുറപ്പെടുവിക്കുന്ന സ്വനമാണ്:

A) ദ്വയോഷ്ഠകമ്പിതം B) സ്പർശം

C) ഘർഷം D) സ്പർശഘർഷം

82. 'കപിലവാസ്തുവിലെ കർമ്മയോഗി' എന്ന ആഖ്യാനകാവ്യത്തിന്റെ കർത്താവാര് ?

A) കുമാരനാശാൻ B) ഉള്ളൂർ

C) വള്ളത്തോൾ D) പാലാ നാരായണൻ നായർ

83. 'ആസ്ഥാനകവി' എന്ന പദവി ലഭിച്ച ആദ്യത്തെ മലയാളകവി ആരാണ്?

A) വള്ളത്തോൾ B) കുമാരനാശാൻ

C) എ.ആർ.രാജരാജവർമ്മ D) ഉള്ളൂർ

84. 'പാൽക്കടൽത്തിര തള്ളിയേറി വരുന്നപോലെ പദങ്ങളെൻ
നാക്കിലങ്ങനെ നൃത്തമാണൊരു ഭോഷ്കു ചൊല്ലുകയല്ല ഞാൻ'
കുഞ്ചൻ നമ്പ്യാരുടെ ഏത് കൃതിയിലെ വരികളാണിവ ?

A) കീചകവധം പറയൻ തുള്ളൽ

B) നളചരിതം ഓട്ടൻ തുള്ളൽ

C) കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളൽ

D) കിരാതം ഓട്ടൻ തുള്ളൽ

85. 'ചക്രാന്തി അട' എന്ന കഥ രചിച്ചതാര് ?

A) ലളിതാംബിക അന്തർജനം B) ടി. പദ്മനാഭൻ

C) പൊൻകുന്നം വർക്കി D) ടി. കെ.സി വടുതല

86. ആത്മപോഷിണി എന്ന സാഹിത്യമാസികയുടെ പത്രാധിപസ്ഥാനം വഹിച്ച മലയാളകവി:

A) കുമാരനാശാൻ B) വള്ളത്തോൾ

C) ഉള്ളൂർ D) ജി ശങ്കരക്കുറുപ്പ്

87. 'വാക്യപദീയം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് :

A) ഭർതൃഹരി B) കാത്യായനൻ C) പാണിനി D) പതഞ്ജലി

88. ചേരുംപടി ചേർക്കുക:

| | |
|---|---|
| a. കെ.പി.അപ്പൻ | 1. രോഗത്തിന്റെ പൂക്കൾ |
| b. നരേന്ദ്രപ്രസാദ് | 2. തിരസ്കാരം |
| c. ആഷാമേനോൻ | 3. സൗപർണിക |
| d. വി.രാജകൃഷ്ണൻ | 4. ഭവസാഗരം |

A) a-4, b-3, c-2, d-1 B) a-2, b-3, c-4, d-1
C) a-3, b-4, c-1, d-2 D) a-3, b-2, c-1, d-4

89. 1888 ൽ നടന്ന ബി എ പരീക്ഷയിൽ പരാജിതനായ കവി ജീവിതത്തിലാദ്യമായി സംഭവിച്ച പരാജയമുളവാക്കിയ ദു:ഖത്തിനു കാവ്യരൂപം നൽകി. പരാമർശിക്കുന്ന കൃതി ഏത് ?

A) ഭൃംഗവിലാപം B) വിടവിഭാവരീ C) നെടുവീർപ്പ് D) ഭംഗവിലാപ:

90. ലീലാതിലകത്തിൽ മണിപ്രവാളലക്ഷണം ഭാഷാടിസ്ഥാനത്തിൽ വിവരിക്കുന്ന ഒന്നാം ശില്പത്തിൽ എത്ര സൂത്രങ്ങൾ അടങ്ങിയിരിക്കുന്നു?

A) 26 B) 11 C) 30 D) 29

91. മികച്ച തിരക്കഥയ്ക്കുള്ള ദേശീയ അവാർഡ് ആദ്യമായി നേടിയ മലയാളി :

A) എം.ടി.വാസുദേവൻ നായർ
B) അടൂർ ഗോപാലകൃഷ്ണൻ
C) എസ്.എൽ.പുരം സദാനന്ദൻ
D) മാടമ്പ് കുഞ്ഞുകുട്ടൻ

92. പ്രസിദ്ധമായ പണ്ഡിതരുടെ മലയാള വ്യാകരണഗ്രന്ഥങ്ങൾ നിർദ്ദേശിച്ച വർണ്ണസംഖ്യകളുടെ അടിസ്ഥാനത്തിൽ ചേരുംപടി ചേർക്കുക:

| | |
|---|---|
| a. ഹെർമ്മൻ ഗു ർട്ട് | 1. 56 |
| b. ജോർജ് മാത്തൻ | 2. 53 |
| c. റവ.പിറ്റ് | 3. 48 |
| d. എ.ആർ.രാജരാജവർമ്മ | 4. 49 |

A) a-4, b-3, c-1, d-2 B) a-2, b-4, c-1, d-3
C) a-3, b-4, c-2, d-1 D) a-4, b-3, c-2, d-1

93. വള്ളത്തോളിന്റെ 'എന്റെ ഗുരുനാഥൻ' എന്ന കവിത സാഹിത്യമഞ്ജരിയുടെ എത്രാമത് ഭാഗത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്?

A) മൂന്ന് B) അഞ്ച് C) നാല് D) ഏഴ്

94. കരുതുവതിഹചെയ്യവയ്യ,ചെയ്യാൻ
വരുതിലഭിച്ചതിൽ നിന്നിടാ വിചാരം
പരമഹിത മറിഞ്ഞുകൂട,യായു
സ്ഥിരതയുമില്ലതിനിന്ദ്യമീ നരത്വം!
കൃതി തിരിച്ചറിയുക

A) നളിനി B) ലീല
C) കരുണ D) ചിന്താവിഷ്ടയായ സീത

95. 'ഒരാൾ സ്ത്രീയായി ജനിക്കുകയല്ല സ്ത്രീ ആയിത്തീരുകയാണ്.' ഈ വിഖ്യാത മായ വാചകം ആരുടേതാണ് ?

A) സരോജിതി നായിഡു B) ജെ.ദേവിക
C) സിമോൺ ദി ബുവെ D) വന്ദന ശിവ

96. ആർട്ടിസ്റ്റ് നമ്പൂതിരിയെക്കുറിച്ചുള്ള നേരുവര എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്തതാരാണ്?

A) രാജീവ് അഞ്ചൽ B) ടി.വി.ചന്ദ്രൻ
C) ആഷി ക് അബു D) ഷാജി.എൻ കരുൺ

97. ചേരുംപടി ചേർക്കുക:

a. തുളസീവനം 1. കർണശപഥം
b. വി.മാധവൻ നായർ(മാലി) 2. ഡോ.ഫൗസ്റ്റ്
c. അയ്മനം കൃഷ്ണക്കൈമൾ 3. ഭട്ടാരകവിജയം
d. കലാമണ്ഡലം കേശവൻ 4. രുസ്തവും സോറാബും

A) a-4, b-3, c-2, d-1 B) a-3, b-1, c-2, d-4
C) a-1, b-3, c-4, d-2 D) a-3, b-1, c-4, d-2

98. 'മൗനത്തിന്റെ മുഴക്കങ്ങൾ' എന്ന കൃതിയുടെ കർത്താവ് :

A) എൻ.പ്രഭാകരൻ B) ബി.രാജീവൻ
C) ഷാജി ജേക്കബ് D) ബി.ഉണ്ണികൃഷ്ണൻ

99. 'അപൂർവ്വമായിട്ടു മാത്രമേ ഒരു പുരുഷൻ പുരുഷവർഗം ഇരുവർഗങ്ങളിലും വെച്ച് ശ്രേഷ്ഠമല്ലെന്ന് വിചാരിക്കാറുള്ളു. നേരെ മറിച്ചാണ് മിക്ക സ്ത്രീകളുടെയും ചിന്താഗതി ' യുങ്ങിന്റെ ഈ സിദ്ധാന്തത്തിന് ഉത്തമോദാഹരണമായി കേസരി ചൂ ിക്കാണിക്കുന്ന ബഷീർ കഥ ഏതാണ്?

A) തേന്മാവ് B) ശിങ്കിടിമുങ്കൻ C) പൂവമ്പഴം D) മതിലുകൾ

100. ലീലാതിലകത്തിൽ സ്വരവ്യഞ്ജനസന്ധി പറയുന്നിടത്ത് ശ്രുതിമാധുര്യാർത്ഥമായി വരുന്ന ന കാരാഗമത്തിന് നൽകുന്ന സൂത്രമേത് ?

A) കോവലാഞ്ഞനമവാനാം ച

B) ക്വചിദദാദിദൂർഭ്യഃ പഞ്ചമഃ

C) ഏഭ്യാം ച

D) സമാസേ ചാഞ്ഞാദീനാം

101. എസ് ഹരീഷിന്റെ 'മോദസ്ഥിതനായങ്ങു വസിപ്പൂ മല പോലെ' എന്ന കഥയിൽ പരാമർശിക്കപ്പെടുന്ന കേരളനവോത്ഥാനനായകൻ:

A) ചട്ടമ്പിസ്വാമികൾ B) ശ്രീ നാരായണഗുരു

C) വൈകുണ്ഡസ്വാമികൾ D) മന്നത്ത് പദ്മനാഭൻ

102. 'കേരളത്തിലെ ആഫ്രിക്ക' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്:

A) കെ രമേശൻ B) എസ്.കെ.പൊറ്റെക്കാട്

C) കെ.പാനൂർ D) ചുമ്മാർ ചൂൽ

103. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ മുഖമാസിക :

A) ഗ്രന്ഥവിഹാരം B) ഗ്രന്ഥസമുച്ചയം

C) ഗ്രന്ഥാലോകം D) വായനശാല

104. ചേരുംപടി ചേർക്കുക:

a. ഇ.വി.കൃഷ്ണപിള്ള 1. കുറുപ്പില്ലാക്കളരി

b. എൻ.പി.ചെല്ലപ്പൻ നായർ 2. മിന്നൽപ്രണയം

c. ജഗതി എൻ.കെ.ആചാരി 3. ബി.എ.മായാവി

d. സി.വി.രാമൻപിള്ള 4. കറക്കുകമ്പനി

A) a-2, b-3, c-1, d-4 B) a-4, b-3, c-1, d-2

C) a-3, b-2, c-1, d-4 D) a-3, b-2, c-4, d-1

105. കേരളഫോക്‌ലോർ എന്ന ഗ്രന്ഥം എഡിറ്റ് ചെയ്തതാരാണ് ?

A) കെ.കെ.എൻ കുറുപ്പ് B) രാഘവൻ പയ്യനാട്

C) സി.എം.എസ് ചന്തേര D) കെ.എം.ഭരതൻ

106. താഴെപറയുന്നവയിൽ തദ്വത്തദ്ധിതത്തിനുദാഹരണമേത് ?

A) മത്തം B) മടിയൻ C) കവൻ D) രാം

107. *അവൻ പറഞ്ഞ വാക്കു കേട്ട് എല്ലാവരും വിസ്മയിച്ചു. ഈ വാചകത്തിൽ മുറ്റുവിനക്ക് ഉദാഹരണം*

A) *അവൻ* B) *കേട്ട്* C) *വിസ്മയിച്ചു* D) *പറഞ്ഞ*

108. *ഉദയം പേരൂർ സുനഹദോസ് നടന്ന വർഷം :*

A) 1599 B) 1699 C) 1596 D) 1589

109. *എം.ടി വാസുദേവൻ നായരും എൻ.പി.മുഹമ്മദും ചേർന്ന് എഴുതിയ നോവൽ :*

A) *വാരണാസി* B) *ചെറിയ ചെറിയ ഭൂകമ്പങ്ങൾ*

C) *എണ്ണപ്പാടം* D) *അറബിപ്പൊന്ന്*

110. '*ഏറെക്കാലം ആലോചിച്ചും വളരെ ക്ലേശിച്ചും മനുഷ്യർ പടുത്തുയർത്തിയ സ്ഥാപനങ്ങൾ തന്നെ മനുഷ്യരെ പീഡിപ്പിക്കുന്നതിനുള്ള നരകയന്ത്രമായി രൂപാന്തരം പ്രാപിക്കുന്നതിന്റെ ചിത്രമാണ് ഈ നോവൽ ഹൃദയാവർജകമായി അവതരിപ്പിക്കുന്നത്.' 1993 ലെ വയലാർ അവാർഡ് നേടിയ സാഹിത്യകാരന് നൽകിയ പ്രശസ്തിപത്രത്തിലെ വാചകമാണ് ഇത്. അവാർഡ് ജേതാവിനെയും കൃതിയെയും തിരിച്ചറിയുക*

A) *ആനന്ദ്* – *മരുഭൂമികൾ ഉ ാകുന്നത്*

B) *കെ.സുരേന്ദ്രൻ* – *ഗുരു*

C) *ഒ.വി.വിജയൻ* – *ഗുരുസാഗരം*

D) *വിലാസിനി* – *അവകാശികൾ*

111. *തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിലുള്ള ശ്രീ കുറുംബഭഗവതി ക്ഷേത്രത്തിൽ നടക്കുന്ന കൊടുങ്ങല്ലൂർ ഭരണി ആഘോഷിക്കുന്ന മലയാളമാസം :*

A) *മേടം* B) *മകരം* C) *മീനം* D) *കുംഭം*

112. *ധാതുവിന്റെ സ്വന്താർത്ഥത്തിൽ ചില വിശേഷാർത്ഥങ്ങളെ ചേർക്കുന്നത് :*

A) *പേരെച്ചം* B) *കാലാനുപ്രയോഗം*

C) *പൂരണാനുപ്രയോഗം* D) *ഭേദകാനുപ്രയോഗം*

113. *ചേരുംപടി ചേർക്കുക:*

a. *പ്ലമേനമ്മായി* 1. *പി.പി.രാമചന്ദ്രൻ*

b. *കാണെക്കാണെ* 2. *റഫീഖ് അഹമ്മദ്*

c. *ഉപ്പന്റെ കൂവൽ വരയ്ക്കുന്നു* 3. *എസ്.ജോസഫ്*

d. *അമ്മത്തൊട്ടിൽ* 4. *കെ.ആർ.ടോണി*

A) a-4, b-1, c-3, d-2 B) a-4, b-3, c-2, d-1

C) a-1, b-4, c-2, d-3 D) a-4, b-1, c-2, d-3

114. ദ്രാവിഡവൃത്തങ്ങളിൽ രചിക്കപ്പെട്ട മലയാളമഹാകാവ്യം :

A) വേദവിഹാരം B) ശ്രീയേശുവിജയം

C) ശ്രീ ചിത്രോദയം D) ഉമാകേരളം

115. ആഖ്യാതത്തിൽ അ എന്ന പ്രത്യയം ചേർത്താൽ ലഭിക്കുന്നത് :

A) വിനയെച്ചം B) മുറ്റുവിന C) പറ്റുവിന D) പേരെച്ചം

116. 'പന്തിഭോജനം 'എന്ന ചെറുകഥയുടെ കർത്താവ് :

A) അക്ബർ കക്കട്ടിൽ B) അശോകൻ ചരുവിൽ

C) സുഭാഷ് ചന്ദ്രൻ D) സന്തോഷ് ഏച്ചിക്കാനം

117. "ശാരികപ്പൈതലേ ചാരുശീലേ വരി
കാരോമലേ കഥാശേഷവും ചൊല്ലു നീ"
വൃത്തം തിരിച്ചറിയുക:

A) ഊനകാകളി B) കാകളി C) മഞ്ജരി D) മാകന്ദമഞ്ജരി

118. കേരളത്തിൽ സ്ത്രീയുടെ ചരിത്രം എഴുതുമ്പോൾ ഏറ്റവും പ്രധാനിയായി വരുന്ന പുരുഷനാകുന്നു ഇദ്ദേഹം. കെ. സി. നാരായണൻ ഇങ്ങനെ വിശേഷിപ്പിച്ചത് ആരെപ്പറ്റിയാണ് ?

A) വി.ടി.ഭട്ടതിരിപ്പാട് B) പ്രേംജി

C) ഇ.എം.എസ് D) കെ. കേളപ്പൻ

119. അകത്തിണക്കു സമാന്തരമായ പുറത്തിണയുടെ അടിസ്ഥാനത്തിൽ ചേരുംപടി ചേർക്കുക:

| | |
|---|---|
| a. കുറിഞ്ചി | 1. ഉഴിഞ്ഞൈ |
| b. മുല്ലൈ | 2. വാകൈ |
| c. മരുതം | 3. വഞ്ചി |
| d. പാലൈ | 4. വെട്ചി |

A) a-3, b-4, c-1, d-2 B) a-1, b-2, c-3, d-4

C) a-4, b-3, c-2, d-1 D) a-4, b-3, c-1, d-2

120. *ചേരും പടി ചേർക്കുക*

a. *വാക്യം രസാത്മകം കാവ്യം* — 1. *ആനന്ദവർദ്ധൻ*

b. *നനു ശബ്ദാർത്ഥൗ കാവ്യം* — 2. *വിശ്വനാഥൻ*

c. *ശബ്ദാർത്ഥൗ സഹിതൗ കാവ്യം* — 3. *രുദ്രടൻ*

d. *ശബ്ദാർത്ഥൗ ശരീരം താവത് കാവ്യം* — 4. *ഭാമഹൻ*

A) a-2, b-3, c-4, d-1 B) a-4, b-3, c-1, d-2

C) a-3, b-4, c-1, d-2 D) a-2, b-3, c-1, d-4